**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2443** **12-02-2024 - ൽ മറുപടിയ്ക്ക്**

**ഖരമാലിന്യ സംസ്കരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അനൂപ് ജേക്കബ് | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഖരമാലിന്യ സംസ്കരണത്തിനായി സർക്കാർ സ്വീകരിച്ചു വരുന്ന നടപടികൾ എന്തെല്ലാമെന്ന് അറിയിക്കാമോ; | (എ) | സംസ്ഥാനത്ത് ജൈവ മാലിന്യ സംസ്കരണത്തിനായി കേന്ദ്രീകൃതവും വികേന്ദ്രീകൃതവുമായ മാലിന്യ സംസ്കരണ സംവിധാനങ്ങൾ നടപ്പിലാക്കി വരുന്നുണ്ട്. ജൈവ മാലിന്യ സംസ്കരണത്തിനായി ഉറവിട മാലിന്യ സംസ്കരണ സംവിധാനങ്ങളാണ് പ്രധാനമായും സ്വീകരിച്ച് വരുന്നത്. തുമ്പൂർമൂഴി, ബയോ ഗ്യാസ് പ്ലാന്റ് പോലെയുളള കമ്മ്യൂണിറ്റി തല സംവിധാനങ്ങൾ പൊതു സ്ഥലങ്ങളിലും മാർക്കറ്റുകളിലും സ്ഥാപിച്ചിട്ടുണ്ട്. അജൈവ മാലിന്യ സംസ്കരണത്തിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഹരിത കർമ്മ സേന മുഖേന ഗാർഹിക / സ്ഥാപന തലത്തിലെ അജൈവ മാലിന്യങ്ങൾ ശേഖരിച്ച് ക്ലീൻ കേരള കമ്പനി / അംഗീകൃത ഏജൻസി മുഖാന്തിരം റീസൈക്ലിംഗ് പ്ലാന്റുകളിലേക്കും / സിമന്റ് ഫാക്ടറികളിലേക്കും സംസ്കരിക്കുന്നതിനായി അയക്കുന്നു.<br><br>സംസ്ഥാനത്ത് ഖരമാലിന്യ സംസ്കരണത്തിനായി ലോക ബാങ്ക് സഹായത്തോടെ കേരള ഖരമാലിന്യ പരിപാലന പദ്ധതി (KSWMP) എന്ന പേരിൽ ഒരു പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. കേരളത്തിലെ നഗരങ്ങൾ നേരിടുന്ന പ്രധാന വെല്ലുവിളിയായ മാലിന്യ സംസ്കരണ മേഖലയിലെ പ്രശ്നങ്ങൾക്ക് ശാശ്വത പരിഹാരം കാണുക എന്നതാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. ആറു വർഷമാണ് പദ്ധതി കാലയളവ്. അർബൻ തദ്ദേശ സ്ഥാപനങ്ങളുടെ (ULBs) ഖരമാലിന്യ സംസ്കരണത്തിൽ നിലവിലുള്ള പ്രശ്നങ്ങൾക്ക് ഒരു സമ്പൂർണ്ണ പരിഹാരമായി ആണ് ലോകബാങ്ക് സഹായത്തോടെ കേരള ഖരമാലിന്യ സംസ്കരണ പദ്ധതി ആസൂത്രണം ചെയ്തിട്ടുള്ളത്. ഈ പദ്ധതിയുടെ ഭാഗമായി എല്ലാ നഗരങ്ങൾക്കും അഞ്ചുവർഷത്തെ ഖരമാലിന്യ പരിപാലന പദ്ധതികൾ തയ്യാറാക്കാൻ |

| | | | |
|---|---|---|---|
| | | | ആവശ്യമായ സഹായവും ബഹുവർഷ പദ്ധതികൾ ഏറ്റെടുത്ത് നടപ്പിലാക്കുന്നതിന് ആവശ്യമായ ഉപദേശങ്ങളും നൽകുന്നതാണ്.<br><br>പെരിന്തൽമണ്ണ നഗരസഭയിൽ "ബയോ ശക്തി ബയോ ഊർജ്ജ മോഡൽ" (Waste to Electricity) ബയോഗ്യാസ് പ്ലാന്റ് സ്ഥാപിച്ചിട്ടുണ്ട്. സംസ്ഥാനത്ത് Poultry മാലിന്യം കൈകാര്യം ചെയ്യുന്നതിന് സ്വകാര്യ മേഖലയുടെ സഹകരണത്തോടെ റെൻഡറിംഗ് പ്ലാന്റുകൾ സംസ്ഥാനത്തുടനീളം നടപ്പിലാക്കിയിട്ടുണ്ട്.<br><br>എറണാകുളം ജില്ലയിലെ ബ്രഹ്മപുരത്ത് ജൈവമാലിന്യം കൈകാര്യം ചെയ്യുന്നതിലേയ്ക്ക് Black Soldier Fly (BSF) അധിഷ്ഠിതമായ 50 ടൺ ശേഷിയുള്ള 2 പ്ലാന്റ് നിർമ്മാണ പ്രവർത്തനത്തിനായി ചുമതലപ്പെടുത്തിയിട്ടുള്ള ഏജൻസികളുടെ നേതൃത്വത്തിൽ ഊർജ്ജിതമായി നടന്നു വരുന്നതും, 2024 ഫെബ്രുവരി 10-ന് ട്രയൽ റൺ അരംഭിക്കുന്നതും, അതിനുശേഷം പ്രവർത്തന സജ്ജമാകുന്നതുമാണ്. കൊച്ചി നഗരസഭയിൽ ജൈവ മാലിന്യ സംസ്കരണത്തിന് 150 ടൺ ശേഷിയുള്ള CBG Plant സ്ഥാപിക്കുന്നതിന് BPCL-ന് അനുമതി നൽകിയിട്ടുണ്ട്. |
| (ബി) | ഖരമാലിന്യ പരിപാലന (എസ്.ഡബ്ല്യൂ.എം.) ചട്ടങ്ങളുടെ അടിസ്ഥാനത്തിൽ സംസ്ഥാനം സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (ബി) | ഖരമാലിന്യ പരിപാലന ചട്ടം 2016 പ്രകാരം ചുവടെപ്പറയുന്ന പദ്ധതികളാണ് സംസ്ഥാനത്ത് നടപ്പിലാക്കുന്നത്.<br><br>ഉറവിട ജൈവമാലിന്യ സംസ്കരണം. വീട്ടുകളിലും, സ്ഥാപനങ്ങളിലും, കമ്മ്യൂണിറ്റി തലത്തിലും.<br><br>നിലവിലുള്ള ജൈവ മാലിന്യ സംസ്കരണ പൊതുപ്ലാൻറുകളുടെ അറ്റകുറ്റപണികളും അപ്ഗ്രഡേഷനും.<br><br>മെറ്റീരിയൽ കളക്ഷൻ ഫസിലിറ്റി/റിസോർസ്റിക്കവറി ഫസിലിറ്റിയും സ്ഥാപിക്കൽ. തരംതിരിക്കപ്പെട്ട അജൈവ മാലിന്യം പുന:ചംക്രമണത്തിനായി കൈമാറ്റം ചെയ്യൽ. പുന:ചംക്രമണ സാധ്യമല്ലാത്ത പ്ലാസ്റ്റിക് വസ്തുക്കൾ ഷ്രെഡ്ഡു ചെയ്ത് റോഡ് ടാറിങ്ങിനായി ഉപയോഗിക്കുക.<br><br>പ്രധാന നഗരങ്ങളിൽ കേന്ദ്രീകൃത മാലിന്യ സംസ്കരണ പ്ലാൻറുകൾ.<br><br>അജൈവ മാലിന്യം പരമാവധി കുറയ്ക്കുക.<br>പുനരുപയോഗ സാധ്യമായ സാധനങ്ങൾ പരമാവധി ഉപയോഗിക്കാൻ പ്രേരിപ്പിക്കുന്നതിനും, പ്രകൃതി |

| | | | |
|---|---|---|---|
| | | | സൗഹൃദ വസ്തുക്കൾ ഉപയോഗിക്കാനുമുള്ള വിവര വിജ്ഞാന കാമ്പയിൻ, ബദൽ ഉൽപ്പന്നങ്ങൾ ലഭ്യമാക്കൽ, ബദൽ ഉത്പന്ന സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കൽ.<br><br>പുന:ചംക്രമണ വ്യവസായം പ്രോത്സാഹിപ്പിക്കുന്നതിനുള്ള നടപടികൾ.<br><br>അജൈവ മാലിന്യ പരിപാലനവുമായി ബന്ധപ്പെട്ട അസംഘടിത മേഖലയിൽ പ്രവർത്തിക്കുന്നവരെ മാലിന്യ സംസ്കരണ പ്രവർത്തനങ്ങളിൽ കണ്ണിയാക്കുക.<br><br>ഗ്രീൻ പ്രോട്ടോകോൾ നടപ്പിലാക്കുന്ന പ്രവർത്തനങ്ങൾ.<br><br>മാലിന്യ സംസ്കരണ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിട്ടുള്ള സംരംഭകർക്ക് പ്രോത്സാഹനം.<br><br>ബന്ധപ്പെട്ട സ്റ്റേക്ക്ഹോൾഡർമാർക്കുള്ള ശേഷീവികസന പരിപാടികൾ. |
| (സി) | ഖരമാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് ദേശീയ ഹരിത ട്രിബ്യൂണൽ കൊച്ചിൻ കോർപറേഷന് പിഴ ചുമത്തിയതിന്റെ അടിസ്ഥാനത്തിൽ എന്തെല്ലാം മാറ്റങ്ങളാണ് സംസ്ഥാനം നടപ്പിൽ വരുത്തിയത്; വിശദമാക്കാമോ; | (സി) | കൊച്ചി കോർപ്പറേഷന് ദേശീയ ഹരിത ട്രിബ്യൂണൽ പിഴ ചുമത്തിയിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ ഹരിത ട്രിബ്യൂണലിന്റെ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ ഖരമാലിന്യ സംസ്കരണം കുറ്റമറ്റ രീതിയിൽ നടപ്പാക്കുന്നതിന്റെ ഭാഗമായി 797 ഹരികകർമ്മ സേനാംഗങ്ങളെ 74 വാർഡുകളിലായി വ്യന്യസിച്ചിട്ടുള്ളതും മാലിന്യ ശേഖരണം ഊർജ്ജിതമായി നടത്തി വരുന്നതുമാണ്. നഗര പ്രദേശത്തെ ബൾക്ക് വേസ്റ്റ് ഉല്പാദകർക്ക് സ്വന്തമായി മാലിന്യ സംസ്കരണ സംവിധാനം സമയബന്ധിതമായി ഒരുക്കുന്നിന് കർശന നിർദ്ദേശം നൽകിയിട്ടുള്ളതും ആയത് സാധ്യമാകുന്നതുവരെ ടി സംവിധാനം ഇല്ലാത്ത സ്ഥാപനങ്ങളിൽ നിന്നും യൂസർ ഫീ ഈടാക്കികൊണ്ട് സേവനം നൽകുന്നതിലേയ്ക്കായി Rebuild Kerala എന്ന ഏജൻസിയെ കളക്ഷന് ചുമതലപ്പെടുത്തിയിട്ടുള്ളതുമാണ്. സാനിട്ടറി മാലിന്യങ്ങൾ സംസ്കരിക്കുന്നതിന് നഗരസഭ തലത്തിൽ സ്ഥിരം സംവിധാനം ഒരുക്കുന്നതിന്റെ ഭാഗമായി 3 ടൺ ശേഷിയുള്ള ഇൻസിനറേറ്റർ ബ്രഹ്മപുരത്ത് സ്ഥാപിക്കുന്നതിന് സർക്കാർ അംഗീകൃത സ്ഥാപനമായ Raico Kerala Ltd. മായി നഗരസഭ കരാറിൽ ഏർപ്പെട്ടിട്ടുള്ളതും ആയതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നു വരുന്നതുമാണ്. കൂടാതെ ബ്രഹ്മപുരത്ത് ബയോ മൈനിംഗ് പ്രവർത്തനങ്ങൾക്ക് ചുമതലപ്പെടുത്തിയിട്ടുള്ള Bhoomi |

| | | | |
|---|---|---|---|
| | | | Green Agency ട്രയൽ റൺ പൂർത്തീകരിച്ച് ഇതിനകം 35000 ടൺ ബയോമൈനിംഗ് പ്രക്രിയ നടത്തിയിട്ടുള്ളതും 1500 MT സിമന്റ് കമ്പനികളിലേയ്ക്ക് കയറ്റി അയയ്ക്കുന്നതിനുള്ള പ്രവൃത്തി ആരംഭിച്ചിട്ടുണ്ട്. കാനകളിലേയ്ക്കും തോടുകളിലേയ്ക്കും മാലിന്യം ഒഴുക്കുന്നതിനുള്ള ഔട്ട് ലെറ്റുകൾ അടയ്ക്കുന്ന പ്രവൃത്തികൾ ചെയ്തു വരുന്നു. മാലിന്യ നീക്കം തടയുന്നതിന് ഇന്റേണൽ വിജിലൻസ് സ്ക്വാഡ്, നൈറ്റ് ഹെൽത്ത് സ്ക്വാഡ് എന്നിവ രൂപീകരിച്ച് 24x7 മണിക്കൂർ കർശന പരിശോധന നടത്തി വരുന്നു.<br><br>2024 മാർച്ചോടുകൂടി കേരളത്തെ സമ്പൂർണ്ണ മാലിന്യ മുക്തമാക്കുക എന്ന ലക്ഷ്യത്തോടെ 'മാലിന്യ മുക്തം നവകേരളം' എന്ന പേരിൽ ക്യാമ്പയിൻ ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്നു. ആയതിന്റെ ആദ്യ രണ്ട് ഘട്ടങ്ങൾ നിലവിൽ പൂർത്തീകരിച്ചിട്ടുണ്ട്. മൂന്നാം ഘട്ട പ്രവർത്തനങ്ങളാണ് നിലവിൽ പുരോഗമിക്കുന്നത്. |
| (ഡി) | ഖരമാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് സംസ്ഥാനതല നയരൂപീകരണം നടത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ? | (ഡി) | ഖരമാലിന്യസംസ്കരണവുമായി ബന്ധപ്പെട്ട് 13/9/2018 ലെ GO(P) No. 65/2018/LSGD നമ്പർ ഉത്തരവ് പ്രകാരം സംസ്ഥാനതല നയരൂപീകരണം നടത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ